# കാലിക്കറ്റ് നോർത്ത് സർവ്വീസ് സഹകരണ ബേങ്ക് ക്ലിപ്തം

നമ്പർ എൽ. എൽ. 37, പി.ഒ. കരുവിശ്ശേരി, കോഴിക്കോട് - 673 010

## ഗ്രൂപ്പ് ഡെപ്പോസിറ്റ് & ക്രെഡിറ്റ് സ്കീം

1. ഈ നിക്ഷേപ ഗ്രൂപ്പിൽ പ്രതിമാസം.......................................ക. അടച്ചുകൊണ്ട് ആരംഭിക്കാവുന്നതും തുടർന്നുള്ള എല്ലാ മാസവും........................................ാം തിയ്യതി ഗഡുസംഖ്യ അടയ്ക്കേണ്ടതും..............................മാസംകൊണ്ട് അവസാനിക്കുന്നതുമാകുന്നു.

2. 1000 ക, 2000 ക, 2500 ക, 3000 ക, 4000 ക, 5000 ക, 6000 ക, 10000 ക, എന്നീ സംഖ്യകൾ 20 മാസം, 30 മാസം, 40 മാസം, 50 മാസം, 60 മാസം, 100 മാസം എന്നീ കാലത്തേക്ക് മാസം തോറും കൃത്യമായി ബേങ്കിൽ നിക്ഷേപിക്കാൻ തയ്യാറുള്ളവർക്ക് ഈ പദ്ധതിയിൽ ചേരാവുന്നതാണ്.

3. ഈ പദ്ധതിയിൽ ചേരുന്ന കടം ആവശ്യമുള്ളവർ ബേങ്കിൽ മെമ്പർമാർ ആയിരിക്കേണ്ടതാണ്.

4. പദ്ധതിയിൽ ചേരുന്നവർ ബേങ്കിൽ നിർദ്ദിഷ്ട ഫോറത്തിൽ ഒരപേക്ഷ തരേണ്ടതും അതിൽ നിക്ഷേപത്തിന്റെ കാലാവധി, മാസഗഡു (അടവുസംഖ്യ) എന്നിവ പ്രസ്താവിക്കേണ്ടതുമാണ്.

5. പദ്ധതിയിൽ ചേരുന്ന അംഗങ്ങൾക്ക് ബേങ്കിൽ നിന്നും ഒരു പാസ്സ് ബുക്ക് കൊടുക്കുന്നതാണ്. നിക്ഷേപകൻ പണമടക്കുമ്പോഴും കാലാവധിക്കുശേഷം സംഖ്യ തിരിച്ചുവാങ്ങുമ്പോഴും പരിശോധനക്കുവേണ്ടി ബേങ്ക് ആവശ്യപ്പെടുമ്പോഴും പാസ്സ് ബുക്ക് ഹാജരാക്കേണ്ടതാണ്. പാസ്സ് ബുക്കിൽ ഡെപ്പോസിറ്റ് സംബന്ധിച്ച് വിവരങ്ങൾ സംഘം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ രേഖപ്പെടുത്തി ഒപ്പു വെച്ചുകൊടുക്കുന്നതാണ്. അംഗങ്ങളാരും തന്നെ പാസ്സ് ബുക്കിൽ എന്തെങ്കിലും എഴുതുകയോ, തിരുത്തുകയോ ചെയ്യാൻ പാടില്ലാത്തതാണ്. പാസ്സ് ബുക്ക് നഷ്ടപ്പെട്ടു പോയാൽ അയാളുടെ അപേക്ഷ സ്വീകരിച്ച് ഒരു ഡ്യൂപ്ലിക്കേറ്റ് പാസ്സ് ബുക്ക് കൊടുക്കുന്നതും അതിന് 5 രൂപ വസൂലാക്കുന്നതുമാണ്.

6. 20 മാസം, 25 മാസം, 30 മാസം, 40 മാസം, 50 മാസം, 60 മാസം, 100 മാസം എന്നീ കാലത്തേക്ക് യഥാക്രമം 20, 25, 30,40, 50, 60, 100 അംഗങ്ങളെ ചേർത്തുകൊണ്ടുള്ള ഗ്രൂപ്പുകളായാണ് പദ്ധതി ആരംഭിക്കുക.

7. ഗഡുസംഖ്യ മാസത്തിൽ ഒന്നിച്ചോ ആഴ്ചകളിലായോ അടയ്ക്കാവുന്നതാണ്. ഏത് രൂപത്തിലാണ് അടയ്ക്കുന്നതെന്ന് പദ്ധതിയിൽ ചേരുമ്പോൾ പ്രത്യേക വ്യവസ്ഥ ചെയ്തിരിക്കണം. ഗഡുസംഖ്യ ബേങ്കിൽ നേരിട്ട് അടക്കാവുന്നതാണ്. അങ്ങനെ അടയ്ക്കുമ്പോൾ പാസ്സ് ബുക്കിൽ ചേർത്തു വാങ്ങേണ്ടതും അടയ്ക്കുന്ന സംഖ്യക്ക് നിർബന്ധമായും രശീതി വാങ്ങേണ്ടതാണ്. ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ രശീതി നൽകാത്ത യാതൊരു സംഖ്യക്കും സംഘം ഉത്തരവാദിയാകുന്നതല്ല.

8. പ്രതിമാസ ഗഡു നിശ്ചിത തിയ്യതിക്കോ അതിന് മുമ്പായോ അടയ്ക്കേണ്ടതാണ്.

9. തുടർച്ചയായി 3 മാസം അടവ് ബാക്കിവരികയാണെങ്കിൽ ഡെപ്പോസിറ്റർമാർക്ക് യാതൊരു മുന്നറിയിപ്പും കൊടുക്കാതെ എക്കൗണ്ട് അവസാനിപ്പിക്കുന്നതാണ്. എന്നാൽ ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ എക്കൗണ്ടിൽ തുടർന്ന് അനുവദിക്കാനുള്ള അധികാരം ബേങ്കിനുണ്ടായിരിക്കുന്നതാണ്.

10. കരാർ അനുസരിച്ചുള്ള മുഴുവൻ ഗഡുക്കളും അടച്ചുതീരുന്നതിന് മുമ്പ് എന്തെങ്കിലും കാരണവശാൽ ഒരു എക്കൗണ്ട് അവസാനിപ്പിക്കുകയോ, തുടരാതിരിക്കുകയോ ചെയ്യുന്നപക്ഷം 4% പലിശ സഹിതം അടച്ചേടത്തോളം സംഖ്യ നിക്ഷേപ ഗ്രൂപ്പ് കാലാവധിക്കുശേഷം തിരിച്ചുകൊടുക്കുന്നതാണ്.

11. നിക്ഷേപത്തിന്മേൽ കാലാവധിക്കുശേഷം യാതൊരു പലിശയും അനുവദിക്കുന്നതല്ല.

12. ഈ പദ്ധതിയിൽ ചേരുന്ന ഓരോ അംഗത്തിനും നിക്ഷേപ കാലാവധിക്ക് അയാൾ അടച്ചുതീർക്കാൻ വ്യവസ്ഥ ചെയ്യുന്ന മുതൽ സംഖ്യയുടെ 95 ശതമാനത്തിൽ കവിയാത്ത സംഖ്യ മുൻകൂറായി കടംകിട്ടാൻ അർഹതയുണ്ടായിരിക്കും. എന്നാൽ ഒരു ഗ്രൂപ്പ് ആരംഭിച്ച് ഒരു ഗഡുസംഖ്യ അടച്ചുതീർത്തശേഷം അടുത്തമാസം മുതൽ ആ ഗ്രൂപ്പിൽ നിന്നും ഒരു മാസത്തിന് ഒരംഗത്തിന് എന്ന നിലയിലായിരിക്കും കടം അനുവദിക്കുക. ഒരു മാസം ഒരു ഗ്രൂപ്പിൽ ഒന്നിലധികം പേർ കടത്തിനാവശ്യക്കാരായുണ്ടെങ്കിൽ അവരിൽനിന്ന് ഒരാളെ തെരഞ്ഞെടുത്ത് അയാൾക്ക് ആ മാസം കടം അനുവദിക്കുന്നതാണ്. ഓരോ മാസവും കടം ആവശ്യമുള്ള അംഗങ്ങൾ രേഖാമൂലം സംഘത്തിനെ അറിയിക്കേണ്ടതും കടംവാങ്ങുന്ന ആളെ തെരഞ്ഞെടുക്കുമ്പോൾ അവർക്ക് നേരിട്ട് ഹാജരാകാവുന്നതുമാണ്. തെരഞ്ഞെടുക്കപ്പെടുന്ന ആൾ പ്രത്യേക ഫോറത്തിൽ കടത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും ആയത് ഭരണസമിതി പാസ്സാക്കിയശേഷം കടം അനുവദിക്കുന്നതുമാണ്. എക്കൗണ്ട് ഗഡുസംഖ്യ അടവ് വീഴ്ച വരുത്തുന്നവർക്ക് യാതൊരു കാരണവശാലും കടത്തിന് അർഹതയുണ്ടായിക്കുന്നതല്ല. 30%വരെ വിളിക്കുവാൻ തയ്യാറുള്ള അംഗങ്ങൾ ഒന്നിൽ കൂടുതൽ ഉണ്ടെങ്കിൽ നറുക്കിട്ടെടുത്ത് വിജയികളെ നിശ്ചയിക്കുന്നതാണ്. വായ്പതുക കിട്ടിയവർ അടവുസംഖ്യ വീഴ്ച വരുത്തുന്ന പക്ഷം സംഘം കമ്മീഷൻ കഴിച്ചുള്ള കിഴിവ് സംഖ്യ നഷ്ടപ്പെടുന്നതാണ്.

13. കടം വാങ്ങുന്നയാൾ എക്കൗണ്ടിനുപുറമെ ബേങ്കിന് ബോദ്ധ്യപ്പെട്ട് രണ്ട് ബേങ്ക് മെമ്പർമാരുടെ ജാമ്യം തരേണ്ടതാണ്. കടസംഖ്യയും പലിശയും മറ്റു ചെലവുകളും എക്കൗണ്ടിൽ നിന്നും വസൂലാക്കാനുള്ള അധികാരം ബേങ്കിനുണ്ടായിരിക്കും. മറ്റ് ജാമ്യകടങ്ങൾക്കുള്ള എല്ലാ നിബന്ധനകളും ഈ കടത്തിനും ബാധകമാണ്.

(P.T.O.)

14. ഗഡുസംഖ്യ അടവ് വീഴ്ച വരുത്തിയാൽ 12% പ്രകാരം പലിശ വസൂൽ ചെയ്യുന്നതിനും കടത്തിന്റെ കാലാവധി നിക്ഷേപത്തിന്റെ കാലാവധിയായിരിക്കുന്നതുമാണ്.

15. ഒരു ഗ്രൂപ്പിൽ ചേർന്ന് കടം വാങ്ങിയിട്ടുള്ള ഒരു മെമ്പർ മറ്റൊരു ഗ്രൂപ്പിൽ ചേരുകയാണെങ്കിൽ അയാൾ ആദ്യം വാങ്ങിയിട്ടുള്ള കടത്തിന് തുല്യമായ സംഖ്യ രണ്ടു ഗ്രൂപ്പിലുമുള്ള എക്കൗണ്ടിലും കൂടി അടവായാൽ മാത്രമേ പുതിയ കടത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

16. നിക്ഷേപകൻ ഈ പദ്ധതിയിൽ ചേരുമ്പോൾ തന്നെ ഇത് സംബന്ധിച്ച ചട്ടങ്ങൾ വായിച്ചംഗീകരിച്ചതായും നിലവിലുള്ളതും ഭാവിയിൽ ഭേദഗതി വരുത്തുന്നതോ കൂട്ടിച്ചേർക്കുന്നതോ ആയ എല്ലാ നിബന്ധനകളും അംഗീകരിക്കുന്നതായും കണക്കാക്കുന്നതാണ്.

17. നിക്ഷേപകന് യാതൊരുവിധ പ്രത്യേക അറിയിപ്പും നൽകാതെ തന്നെ ഈ നിബന്ധനകൾ ഭേദഗതി ചെയ്യുന്നതിനും പുതിയവ കൂട്ടിച്ചേർക്കുന്നതിനും ബേങ്കിനധികാരമുണ്ടായിരിക്കും.

മേൽ നിബന്ധനകൾ ഞങ്ങൾ അംഗീകരിക്കുകയും അവ പൂർണ്ണമായും ഞങ്ങൾക്ക് ബാധകമാണെന്നും സമ്മതിക്കുകയും ചെയ്തിരിക്കുന്നു.

## അപേക്ഷാ ഫോറം

പ്രസ്തുത ക്ലാസ്സിന്റെ ആദ്യതവണ സംഖ്യ..........................................രൂപ.............................പൈസ ഞാൻ മണിയോർഡർ ആയി/ഡ്രാഫ്റ്റായി/പണമായി നേരിട്ട് അയയ്ക്കുന്നു.

| ഗ്രൂപ്പ് & ക്രെഡിറ്റ് സ്കീമിന്റെ ക്ലാസ്സ് | തവണസംഖ്യ | കാലാവധി | തുക | |
|---|---|---|---|---|
| | ക. | | ക. | പ. |
| | | | | |

അപേക്ഷകന്റെ മുഴുവൻ പേര് :

സ്ഥിരമായ മേൽവിലാസം :

മെമ്പർ നമ്പർ :

ഫോൺ നമ്പർ :

വയസ്സ് :

അച്ഛന്റെ/അമ്മയുടെ/ഭർത്താവിന്റെ പേര് :

അപേക്ഷകന്റെ പ്രവൃത്തി/ഉദ്യോഗപ്പേര് :

ഉദ്യോഗവിലാസം :

നോമിനിയുടെ പേരും വിലാസവും ബന്ധവും :

അപേക്ഷകന് കത്തുകൾ അയക്കേണ്ട വിലാസം :

സാക്ഷികളുടെ പേരും ഒപ്പും മേൽവിലാസവും

(അപേക്ഷകന്റെ ഒപ്പ്)

സ്ഥലം :

തിയ്യതി :

നമ്പർ : സീരിയൽ നമ്പർ :

മുൻപൻ :

സിക്രട്ടറി :

കാലിക്കറ്റ് നോർത്ത് സർവ്വീസ് സഹകരണ ബേങ്ക്